LIBRARY ARCHIVES Kerala Legislative Assembly

ഹോർട്ടികോർപ്പിന്റെ വിറ്റുവരവ്

187 (4227) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2014-15-ൽ ഹോർട്ടികോർപ്പിന്റെ വിറ്റുവരവ് എത്രയാണ് ; സബ്സിഡി ഇനത്തിൽ എത്ര തുക ചെലവഴിച്ചു ; പൊതുവിപണിയെക്കാൾ കുറഞ്ഞ വിലയ്ക്ക് ഉൽപ്പന്നങ്ങൾ വിൽക്കാൻ ഹോർട്ടികോർപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

ഉത്തരം

2014-15 സാമ്പത്തിക വർഷത്തിൽ ഹോർട്ടികോർപ്പിന്റെ വിറ്റുവരവ് 8712.58 ലക്ഷം (പ്രൊവിഷണൽ) രൂപയാണ്. സബ്സിഡി ഇനത്തിൽ 2014 ഓണക്കാലത്ത് 7.69 കോടി രൂപ ചെലവഴിച്ചു.

സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ പരമാവധി സംഭരിക്കുകയും കേരളത്തിൽ ലഭ്യമല്ലാത്തവ അയൽ സംസ്ഥാനങ്ങളിലെ മൊത്ത വ്യാപാര വിപണന കേന്ദ്രങ്ങളിലെ ലേലത്തിൽ പങ്കെടുത്ത് സംഭരിച്ച് പൊതു വിപണിയിലെ വിൽപ്പന വിലയെക്കാൾ വിലകുറച്ചാണ് ഹോർട്ടികോർപ്പ് വിപണനം നടത്തിവരുന്നത്. ഓണം, ക്രിസ്തുമസ് തുടങ്ങിയ ഉത്സവ സീസണുകളിൽ സർക്കാർ പ്രഖ്യാപിക്കുന്ന സബ്സിഡി നിരക്കിൽ പഴം, പച്ചക്കറികൾ വിപണനം ചെയ്തുവരുന്നു.

മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾ

188 (4228) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പിൽ നബാർഡ് സഹായത്തോടെ മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?